**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5124** **11-08-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൊവിഡ് മഹാമാരിമൂലം സമസ്ത മേഖലകളിലും ഏറെ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പാവപ്പെട്ടവർക്ക് ഏറെ ഉപകാരപ്രദമായ രീതിയിൽ തൊഴിലുറപ്പ് പദ്ധതി കൂടുതൽ ഫലപ്രദമാക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ കുടുംബങ്ങൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യത സൃഷ്ടിച്ച് ഉപജീവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. 100 ദിവസം തൊഴിൽ നൽകുന്നതിന് മുൻഗണന നൽകുന്നതോടൊപ്പം കഴിഞ്ഞ സാമ്പത്തിക വർഷം 10.23 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ഈ വർഷം ഇതിനകം തന്നെ 1.21 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സുഭിക്ഷകേരളം, മാലിന്യസംസ്കരണം എന്നീ മേഖലകളിലെ വിവിധ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തി വരുന്നു. ഇത് കൂടാതെ ഗ്രാമീണ റോഡുകൾ, ഗ്രാമചന്തകൾ മുതലായവയുടെ നിർമ്മാണവും മണ്ണ്, ജല സംരക്ഷണ പ്രവൃത്തികളും ഏറ്റെടുക്കുന്നു. നഗര പ്രദേശങ്ങളിൽ മേൽപറഞ്ഞ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്കു വേണ്ടി 2021-22 സാമ്പത്തിക വർഷം 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയ്ക്ക് കീഴിൽ നടപ്പ് സാമ്പത്തിക വർഷം 50 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (ബി) | ഈ ദുരിത കാലത്ത് പദ്ധതികളെ ജനനന്മയ്ക്കായി ഉപയോഗിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് മെറ്റീരിയലുകൾ, സ്കിൽഡ് ലേബർ, സെമി സ്കിൽഡ് ലേബർ എന്നിവ ഉൾക്കൊള്ളിച്ച് ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | ഉണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയലുകൾ, സ്കിൽഡ്-സെമിസ്കിൽഡ് ലേബർ എന്നിവയ്ക്കുള്ള തുകയുടെ 25% സംസ്ഥാന സർക്കാർ വിഹിതമാണ്. ടി തുക കൂടി ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ രേഖ പ്രകാരം വേതന സാധന അനുപാതം 60:40 ആണ്. എന്നാൽ വേതന ഘടകത്തിന് പ്രാധാന്യം നൽകുന്ന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളാണ് പദ്ധതിയിൽ നഗരസഭകൾ കൂടുതലായി ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| സൃഷ്ടിച്ച ആസ്തികൾ | 2020-21 വർഷം ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | 2021-22 വർഷം ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (ജൂലൈ 31 വരെ) |
|---|---|---|
| കന്നുകാലി തൊഴുത്ത് | 20794 | 4364 |
| ആട്ടിൻകൂട് | 17122 | 3152 |
| കോഴിക്കൂട് | 15225 | 2890 |
| തീറ്റപ്പുൽ കൃഷി | 442.77 ഹെക്ടർ | 92.4 ഹെക്ടർ |
| അസോള ടാങ്ക് | 2312 | 498 |
| അംഗൻവാടി കെട്ടിടം | 98 | 33 |
| സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ | 62 | 18 |
| സർക്കാർ സ്കൂളുകൾക്ക് പാചകപ്പുര, ഭക്ഷണശാല | 30 | 9 |